"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - തൃശ്ശൂർ എനമാക്കൽ സെന്റ് ജോസഫ്സ് എച്ച്.എസ്-ലെ എൽ.പി.എസ്.റ്റി. ശ്രീമതി ജാൻസി ആന്റണി മണ്ണൂക്കാടൻ ഫയൽ ചെയ്ത 4316/2024 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 05.02.2024-ന് പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.4943/2025/GEDN    തീയതി,തിരുവനന്തപുരം, 29-07-2025

---

പരാമർശം:-
1. തൃശ്ശൂർ എനമാക്കൽ സെന്റ് ജോസഫ്സ് എച്ച്.എസ്-ലെ എൽ.പി.എസ്.റ്റി. ശ്രീമതി ജാൻസി ആന്റണി മണ്ണൂക്കാടൻ സമർപ്പിച്ച 10.01.2024-ലെ റിവിഷൻ ഹർജി (Ext. P20).
2. 4316/2024 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 05.02.2024-ന് പുറപ്പെടുവിച്ച വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.04.2024-ലെ ആർ2/7287/2024/ഡി.ജി.ഇ നമ്പർ കത്ത്.
4. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 09.04.2024-ലെ DDETSR/5822/2023-E2 നമ്പർ കത്ത്.
5. ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11.04.2024-ലെ DEOCKD/2809/2023-B4 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ എനമാക്കൽ സെന്റ് ജോസഫ്സ് എച്ച്.എസ്-ലെ എൽ.പി.എസ്.റ്റി. ശ്രീമതി ജാൻസി ആന്റണി മണ്ണൂക്കാടൻ ഫയൽ ചെയ്ത 4316/2024 നമ്പർ റിട്ട് ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി ഹർജിക്കാരിയേയും മറ്റ് ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേട്ട് പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 16.04.2024-ന് ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു.

2. നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ചുവടെപ്പറയുന്ന കാര്യങ്ങൾ പ്രധാനമായും ബോധിപ്പിച്ചു.

"പെൻഷന് മുന്നോടിയായിട്ടുള്ള സേവന പുസ്തക പരിശോധനയിൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ താഴെപ്പറയുന്ന തടസവാദങ്ങൾ ഉന്നയിച്ചു.

1)01.06.2006 മുതലുള്ള ശമ്പള നിർണയത്തിന് 09.06.1998 മുതൽ 12.09.1998 വരെയുള്ള എച്ച്.എസ്.റ്റി സേവനം വെയിറ്റേജിന് കണക്കാക്കിയത് തെറ്റാണ്. കാരണം എച്ച്.എസ്.റ്റി സേവനം എൽ.പി.എസ്.ടി സേവനത്തിന് ഇൻക്രിമെന്റിന് കണക്കാക്കില്ല.

2) 09.06.1998 മുതൽ 12.09.1998 വരെയുള്ള എച്ച്.എസ്.റ്റി സേവനം എൽ.പി.എസ്.റ്റി ഹയർ ഗ്രേഡിന് കണക്കാക്കിയത് തെറ്റാണ്.

3) സ്പാർക്ക് സ്റ്റേറ്റ്മെന്റും ഡിക്ലറേഷനും ഹാജരാക്കിയിട്ടില്ല.

പ്രഥമാധ്യാപിക ഈ തടസവാദത്തിന് മറുപടി നൽകി. ഇൻക്രിമെന്റിന് യോഗ്യമായ സേവനം വെയിറ്റേജിന് കണക്കാമെന്നും അതിനാൽ തടസവാദം നീക്കണമെന്നും അപേക്ഷിച്ചു. എച്ച്.എസ്.റ്റി സേവനം എൽ.പി.എസ്.റ്റി സേവനത്തിന്റെ കൂടെ ചേർത്ത് എൽ.പി.എസ്.റ്റി സ്കെയിലിൽ ആണ് ഹയർ ഗ്രേഡ് നൽകിയത്. അതിനാൽ ക്രമപ്രകാരമാണ്. സ്പാർക്ക് സ്റ്റേറ്റ്മെന്റും ഡിക്ലറേഷനും സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രഥമാധ്യാപികയുടെ മറുപടി അംഗീകരിക്കാതെ ആയതിന് ഉപോൽബലകമായ സർക്കാർ ഉത്തരവ് ഹാജരാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. പ്രഥമാധ്യാപിക വിശദമായ മറുപടി വീണ്ടും സമർപ്പിച്ചു. ശമ്പളപരിഷ്കരണ ഉത്തരവിന്റെ അനുബന്ധം 2 പ്രകാരം ഇൻക്രിമെന്റിന് യോഗ്യമായ സേവനം എന്നാണെന്നും അല്ലാതെ ഇൻക്രിമെന്റിന് കണക്കാക്കിയത് എന്ന് അല്ലെന്നും അതിനാൽ എച്ച്.എസ്.റ്റി സേവനം കണക്കാക്കിയത് ക്രമപ്രകാരമാണെന്നും മറുപടി നൽകി. ജില്ലാ വിദ്യാഭ്യാസ ഓഫീസർ മറുപടി സ്വീകാര്യമല്ലെന്ന കാരണത്താൽ നിരസിച്ചു. അനുബന്ധം 2-ൽ ഇൻക്രിമെന്റിന് യോഗ്യമായ സേവനം വെയ്റ്റേജിന് കണക്കാക്കാം എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത് എന്നതിനാൽ 09.06.1998 മുതൽ 12.09.1998 വരെയുള്ള എച്ച്.എസ്.റ്റി സേവനം വെയിറ്റേജിന് കണക്കാക്കിയത് നിയമവിധേയമാണ്.

01.09.1998-ലെ GO(P)348/98/G.Edn. ഉത്തരവ് പ്രകാരം 09.06.1998 മുതൽ 12.09.1998 വരെയുള്ള എച്ച്.എസ്.റ്റി സേവനം എൽ.പി.എസ്.റ്റി സേവനത്തിന്റെ കുടെ ഹയർ ഗ്രേഡിന് കണക്കാക്കിയത് ക്രമപ്രകാരമാണെന്ന് സമർപ്പിക്കുകയുണ്ടായി. അതിനാൽ രണ്ടാമത്തെ തടസവാദവും ശരിയല്ല എന്ന് കാണാവുന്നതാണ്. രണ്ടാമത്തെ തടസവാദം ഒഴിവാക്കുന്നില്ലെങ്കിൽ പോലും (09.06.1998 മുതൽ 12.09.1998 വരെയുള്ള എച്ച്.എസ്.റ്റി സേവനം ഹയർ ഗ്രേഡിന് കണക്കാക്കുന്നില്ലെങ്കിൽ പോലും) ടിയാൾക്ക് 05.06.2006 മുതൽ ഹയർ ഗ്രേഡിന് അർഹതയുണ്ട്. അതിനാൽ 01.06.2006 മുതൽ

**04.06.2006** വരെയുള്ള അധിക തുക ടിയാൾ തിരിച്ചടക്കേണ്ടതുള്ളൂ. പിന്നീടുള്ള വാർഷിക ഇൻക്രിമെന്റുകൾ ജൂൺ ഒന്നിന് തന്നെ ലഭിക്കുന്നതിന് അർഹതയുള്ളതാണ്.

ഹർജിക്കാരിയുടെ റിവിഷൻ ഹർജി അനുവദിക്കുന്നതിനുള്ള കാരണങ്ങൾ താഴെപ്പറയുന്നു.

**1.** ശമ്പളപരിഷ്കരണ ഉത്തരവിന്റെ അനുബന്ധം **II** ലെ ചട്ടം **5 (2)** ന്റെ നോട്ട് പ്രകാരം നോർമൽ ഇൻക്രിമെന്റിന് യോഗ്യമായ സേവനമെല്ലാം വെയിറ്റേജിന് കണക്കാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. **09.06.1998** മുതൽ **12.09.1998** വരെയുള്ള എച്ച്.എസ്.റ്റി സേവനം ഇൻക്രിമെന്റിന് യോഗ്യമായ സേവനമാണ്. ആയതിനാൽ അത് വെയിറ്റിജിന് കണക്കാക്കിയത് ക്രമപ്രകാരമാണ്.

**2) 01.09.1998**-ലെ **GO(P)348/98/G.Edn** ഉത്തരാവ് പ്രകാരം ഇടക്കാല സേവനം താഴ്ന്ന സ്കെയിലിൽ ഹയർ ഗ്രേഡിന് പരിഗണിക്കാവുന്നതാണ്. മാത്രമല്ല **09.06.1998** മുതൽ **12.09.1998** വരെയുള്ള എച്ച്.എസ്.റ്റി സേവനം ഒഴിവാക്കിയാൽ പോലും **01.06.2006**-ലെ ഹയർ ഗ്രേഡ് **05.06.2006**-ൽ ലഭിക്കാൻ അർഹതയുണ്ട്. അതിനാൽ **4** ദിവസത്തെ ആനുകുല്യം മാത്രമേ തിരിച്ചടയ്ക്കേണ്ടി വരുന്നുള്ളൂ. തുടർന്ന് എല്ലാ ജൂൺ **1** നും ഇൻക്രിമെന്റ് ലഭിക്കാൻ അർഹതയുണ്ട്.

**3) 10.07.2003**-ൽ അക്കൗണ്ടന്റ് ജനറൽ അതുവരെയുള്ള ശമ്പള നിർണയങ്ങൾ പരിശോധിച്ച് അംഗീകരിച്ച് സേവന പുസ്തകത്തിന്റെ **25**-ആം പേജിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതാണ്. അതിനാൽ **10.07.2003**-ന് മുൻപുള്ള ഹർജിക്കാരിയുടെ ശമ്പളം നിർണ്ണയങ്ങളിന്മേൽ തടസവാദം ഉന്നയിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കഴിയില്ല.

**4).** ബഹു. കേരള ഹൈക്കോടതി ഏലിയാമ്മയും ഡെപ്യൂട്ടി ഡയറക്ടറും എന്ന വിധി ന്യായത്തിൽ **(1982)** ബന്ധപ്പെട്ട അധികാരികൾ അനുവദിച്ചു നൽകിയ ശമ്പള നിർണയങ്ങൾ വളരെ നാളുകൾക്ക് ശേഷം തിരികെ നല്ലണമെന്ന് നിർദ്ദേശിക്കുന്നത് ശരിയല്ലെന്നും ജീവനക്കാരൻ യാതൊരു തെറ്റായ വിവരങ്ങളും നൽകിയല്ല ശമ്പള നിർണയങ്ങൾ നടത്തിയതെങ്കിൽ ബന്ധപ്പെട്ട ഓഫീസർ നടത്തിയ ശമ്പള നിർണയങ്ങൾ അംഗീകരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഹർജിക്കാരിയൽ നിന്നും അധികം വാങ്ങിയെന്ന് പറഞ്ഞ തുക തിരികെ പിടിക്കുന്നത് നീതീകരിക്കത്തക്കതല്ല. നിയമപരമായി നിലനിൽക്കുന്നതും അല്ല.

**5)** ബഹു. സുപ്രീംകോടതിയുടെ പഞ്ചാബ് സംസ്ഥാനവും റഫീഖ് മസീഹും (വൈറ്റ് വാഷർ) എന്ന വിധി ന്യായത്തിൽ **(2015)** ക്ലാസ് **3, 4** വിഭാഗം ജീവനക്കാരിൽ നിന്ന് തുക തിരികെ പിടിക്കാൻ കഴിയില്ലെന്നും **5** വർഷം കഴിഞ്ഞാൽ ഒരു കാരണവശാലും തിരികെ പിടിക്കരുതെന്നും പെൻഷൻ ആവാൻ ഒരു വർഷത്തിൽ താഴെ മാത്രം അവശേഷിക്കുന്നവരിൽ നിന്നും തുക തിരിച്ച് പിടിക്കരുതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

6) **31.05.2024**-ൽ പെൻഷൻ ആവുന്ന ഹർജിക്കാരിയിൽ നിന്ന് തുക തിരികെ പിടിക്കാൻ **04.07.2023**-ൽ നിർദ്ദേശിച്ചിരിക്കുന്നത് ബഹു. സുപ്രീംകോടതിയുടെ പഞ്ചാബ് സംസ്ഥാനവും റഫീഖ് മസീഹും (വൈറ്റ് വാഷർ) എന്ന വിധി ന്യായത്തിന്റെ **(2013)** മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരാണ്.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ തടസവാദം റദ്ദ് ചെയ്തു ഹർജിക്കാരിയുടെ ശമ്പള നിർണയങ്ങൾ അംഗീകരിച്ച് പെൻഷൻ ആനുകൂല്യങ്ങൾ താമസംവിനാ അനുവദിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു."

**3.** വിദ്യാഭ്യാസ ഓഫീസർമാർ ചുവടെപ്പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

"ശ്രീമതി ജാൻസി ആന്റണി മണ്ണൂക്കാടൻ **18.07.1997** മുതൽ **30.03.1999** വരെ വ്യത്യസ്ത കാലയളവുകളിൽ പ്രൈമറി - ഹൈസ്കൂൾ അദ്ധ്യാപിക തസ്തികയിൽ താൽക്കാലിക ലീവ് ഒഴിവുകളിലും, **08.05.1999** മുതൽ പ്രൈമറി സ്കൂൾ അദ്ധ്യാപികയുടെ തസ്തികയിൽ തുടർസേവനത്തിലും പ്രവേശിച്ചിട്ടുള്ളതാണ്. പ്രൈമറി സ്കൂൾ അദ്ധ്യാപികയുടെ തസ്തികയിൽ **09.06.1999** അപരാഹ്നത്തിൽ പരിവീക്ഷ കാലയളവ് പൂർത്തീകരിച്ച് ഉത്തരവായി സേവനത്തിൽ തുടരുന്ന അദ്ധ്യാപിക **30.05.2024**-ന് സേവനത്തിൽ നിന്നും വിരമിക്കുകയാണ്.

ശ്രീമതി ജാൻസി ആന്റണി മണ്ണൂക്കാടൻ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് മുന്നോടിയായി ടിയാളുടെ സേവനപുസ്തകം പരിശോധിച്ചതിൽ എൽ.പി.എസ്.റ്റി തസ്തികയിൽ തുടർസേവനത്തിൽ പ്രവേശിക്കുന്നതിനു മുൻപ് ഹൈസ്കൂൾ അദ്ധ്യാപക തസ്തികയിലെ **09.06.1998 - 12.09.1998** താൽക്കാലിക നിയമനം ലഭിച്ച സേവനകാലം കൂടി ഉൾപ്പെടുത്തി ശമ്പളപരിഷ്കരണങ്ങൾ, സമയബന്ധിത ഹയർ ഗ്രേഡുകൾ, എന്നിവ അനുവദിച്ചതായി കാണുകയും ആയത് ക്രമീകരിക്കുന്നതിന് തടസ്സവാദം നൽകിയിട്ടുള്ളതാണ്.

പ്രൈമറി സ്കൂൾ തസ്തികയിൽ സേവനത്തിൽ തുടരുന്ന അദ്ധ്യാപകർക്ക്, മുൻകാലത്തെ അവരുടെ ഹൈസ്കൂൾ തസ്തികയിലെ താൽക്കാലിക സേവനം ഉൾപ്പെടുത്തി ശമ്പള ആനുകൂല്യങ്ങൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ/പരിപത്രങ്ങൾ/ഉത്തരവുകൾ നിലനിൽക്കുന്നതായി അറിവില്ല. ശമ്പളപരിഷ്കരണങ്ങൾക്ക് വെയ്റ്റേജ് കണക്കാക്കുന്നത് സംബന്ധിച്ച് ജീവനക്കാർക്ക് ശമ്പളവർദ്ധനവുകൾ അനുവദിക്കുന്നതിലേക്ക് പരിഗണനാർഹമായ സേവനങ്ങൾ മാത്രമാണ് കണക്കേണ്ടതെന്ന് ബന്ധപ്പെട്ട ശമ്പളപരിഷ്കരണ ഉത്തരവുകളിൽ പറഞ്ഞിട്ടുള്ളതാണ്. കൂടാതെ ധനകാര്യ (പ.ആർ.സി-എ) വകപ്പിന്റെ **08.08.2008**-ലെ **46/2008**/ധന. നം. പരിപത്രം പ്രകാരം വ്യത്യസ്ത കാറ്റഗറിയിലെ സേവനക്കാലം സമയബന്ധിത ഹയർഗ്രേഡ്

അനുവദിക്കുന്നതിന് പരിഗണനാഹമല്ലെന്ന് വ്യക്തത വരുത്തിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പ്രൈമറി - ഹൈസ്കൂൾ അദ്ധ്യാപിക തസ്തികകളിലെ സേവനക്കാലയളവുകൾ ചേർത്ത് ശമ്പളാനുകൂല്യങ്ങൾ അനുവദിക്കണമെന്ന ശ്രീമതി ജാൻസി ആൻറണി മണ്ണൂക്കാടൻറെ അപേക്ഷ നിലവിലെ ചട്ടങ്ങൾ പ്രകാരം അനുവദനിയമല്ലെന്ന് കാണുന്നു."

4. ഹർജിക്കാരിയുടെ വാദങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച റിപ്പോർട്ടുകളുടെയും, ഹിയറിങ്ങിലെ നിരീക്ഷണങ്ങളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. എൻടി തസ്തികയെ അടിസ്ഥാനമാക്കിയാണ് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. സമയബന്ധിത ഹയർഗ്രേഡുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ഒരു തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാ സേവനം പൂർത്തിയാക്കിയിട്ടും പ്രൊമോഷൻ ലഭിക്കാതെ വരുന്ന സാഹചര്യത്തിലാണ് സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചു നൽകുന്നത്. ആയതിനാൽ വ്യത്യസ്ത തസ്തികകളിലെ സേവനകാലയളവുകൾ കണക്കിലെടുത്ത് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നതിന് കഴിയുകയില്ല.

മാത്രമല്ല 25.03.2006-ലെ GO(P)No.145/2006/Fin നമ്പർ ശമ്പള പരിഷ്ക്കരണ ഉത്തരവിലെ "Time bound grade promotion Scheme- Teachers" എന്ന തലക്കെട്ടിനു കീഴിൽ ഖണ്ഡിക 10(1)-ൽ Lower Primary and Upper Primary Teachers will be allowed grade promotion as Grade I, Senior Grade and Selection Grade on completion of 8, 16 and 23 years of service respectively as LP/UP school teacher" എന്നു രേഖപ്പെടുത്തിയിട്ടുള്ളതാണ്. അതായത് LPSA തസ്തികയിൽ ഗ്രേഡുകൾ ലഭിക്കുന്നതിന് ടി തസ്തികയിലും UPSA തസ്തികയിൽ ഗ്രേഡുകൾ ലഭിക്കുന്നതിന് ടി തസ്തികയിലും നിർദ്ദിഷ്ട വർഷ സേവനകാലയളവുകൾ വെവ്വേറെ പൂർത്തിയാക്കണം. എട്ടാം ശമ്പള പരിഷ്കരണ ഉത്തരവിനെ തുടർന്നുള്ള എല്ലാ ശമ്പള പരിഷ്കരണ ഉത്തരവുകളിലും ആയത് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ എട്ടാം ശമ്പള പരിഷ്കരണ ഉത്തരവ് നിലവിൽ വന്ന തീയതിയ്ക്കു ശേഷം അപ്പർ പ്രൈമറി-ലോവർ പ്രൈമറി അദ്ധ്യാപകർക്ക് എൽ.പി.എസ്.റ്റി, യു.പി.എസ്.റ്റി തസ്തികയിലെ സേവനം ഒരുമിച്ചെടുത്ത് ഗ്രേഡിന് പരിഗണിക്കുന്നതിന് കഴിയില്ല. ടി ഉത്തരവിലെ ഖണ്ഡിക 10(2) പ്രകാരം എച്ച് എസ് ടി തസ്തികയിലെ ഗ്രേഡും എൻടി തസ്തികയെ അടിസ്ഥാനമാക്കി മാത്രമെ അനുവദിക്കാൻ പാടുള്ളു.

5. മേൽ സാഹചര്യത്തിൽ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ തടസ്സവാദം റദ്ദാക്കണമെന്ന ഹർജിക്കാരിയുടെ പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

**6.** ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായത്തിലെ നിർദ്ദേശങ്ങൾ ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്രലേഖ കെ കെ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം,തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്.
ശ്രീമതി ജാൻസി ആന്റണി മണ്ണുക്കാടൻ, എൽ.പി.എസ്.റ്റി, സെന്റ് ജോസഫ് എച്ച്.എസ്, എനമാക്കൽ, തൃശ്ശൂർ - **680510.**
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, തൃശ്ശൂർ അതിരൂപത, തൃശ്ശൂർ - **680005.**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Gireesh Parambath
Date: 29-07-2025 11:57:21
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്.